# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/1081/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 06/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

(1)ഡയറക്ടർ, കേരള സമസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(2)ജോയിന്റ് ഡയറക്ടർ,, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്
(3)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീശണർ, കോഴിക്കോട്
(4)കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/1081/2023 തീയ്യതി: 06/10/2023

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-09-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിനി എം.വി | ജോയിന്റ് ഡയറക്ടർ | 01-07-2023 | 07-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-07-2023 | 07-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എൻ.പി ബാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബേബി പി.വി | സെക്രട്ടറി | 01-04-2022 | 30-04-2022 |
| ശ്രീ.ബേബി ജോൺ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2022 | 06-07-2022 |
| ശ്രീ.കാദർ പി | സെക്രട്ടറി | 07-07-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ഷാമിൻ പി.ആർ | മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 05-06-2022 |
| ഡോ.ഗോപാലകൃഷ്ണൻ കെ | മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 06-06-2022 | 31-03-2023 |
| ശ്രീമതി.ദീപ കെ | സി.ഡി.പി.ഒ | 01-04-2022 | 31-03-2023 |
| ഡോ.ഇ.സി ലീന | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.രജ്ജുല | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിബിൻ കെ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 12-04-2022 |
| ശ്രീ.മിഥുൻ ആനന്ദ് | വ്യവസായ വികസന ഓഫീസർ | 13-04-2022 | 28-08-2022 |
| ശ്രീ.അമർനാഥ് | വ്യവസായ വികസന ഓഫീസർ | 29-08-2022 | 31-03-2023 |
| ശ്രീ.സൂരജ് പി.ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ ഗഫൂർ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 06-10-2022 |
| ശ്രീ.അനിൽ കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-10-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു ആർ | കൃഷി അസിസ്റ്റന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഡയറക്ടർ | | |
| ശ്രീമതി.സുഷമ പി.വി | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 | 01-04-2022 | 31-03-2023 |
| ശ്രീ.സലീഷ് എസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 06-06-2022 |
| ശ്രീ.ഷമീർ എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 07-06-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | വാര്‍ഷിക കണക്കിനൊപ്പം എല്ലാ പത്രികകളും ലഭ്യമാക്കിയിട്ടില്ല | 1-1-1 |
| 3 | ഡിപ്രീസിയേഷന്‍ കണക്കാക്കിയതിന് വര്‍ക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല. | 1-1-2 |
| 4 | ഡെപ്പോസിറ്റ്/അഡ്വാന്‍സ് രജിസ്റ്റര്‍ തയ്യാറാക്കിയില്ല | 1-1-3 |
| 5 | ഇ–ടെണ്ടര്‍ ഫീ വാര്‍ഷിക കണക്കില്‍ ഉള്‍പ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | നീക്കിയിരിപ്പിന്റെ വിശദവിവരം ലഭ്യമല്ല | 1-1-5 |
| 7 | ക്യാപ്പിറ്റല്‍ കോണ്‍ട്രിബ്യൂഷന്‍-തുക പൊരുത്തപ്പെടാത്തത് സംബന്ധിച്ച് | 1-1-6 |
| 8 | സ്റ്റോക്കിന്റെ മൂല്യം ബാലന്‍സ് ഷീറ്റില്‍ ഉള്‍പ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ചെലവ് തുകള്‍ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ആഭ്യന്തരനിയന്ത്രണം. | 1-6 |
| 15 | ക്യാഷ് പരിശോധന | 1-7 |
| 16 | കൃഷി അസിസ്റ്റന്റ് ഡയറക്ടര്‍ - ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതില്‍ അപാകത | 1-8 |
| 17 | ഷീ പാഡ് - പാഡുകളും അലമാരകളും ലഭ്യമായില്ല. | 1-9 |
| 18 | പൊതുമരാമത്ത് മേഖലയില്‍ ഒരു പ്രവര്‍ത്തിക്ക് ഒന്നിലധികം പ്രൊജക്ടുകള്‍ | 1-10 |
| 19 | സെക്രട്ടറി നിര്‍വഹണം നടത്തിയ പ്രോജക്ടുകള്‍ - ചെലവ്വ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. | 1-11 |
| 20 | പൊതുമരാമത്ത് പ്രവര്‍ത്തികളുടെ ഇ ടെണ്ടര്‍ ഫീസ് അടവാക്കുന്നതില്‍ വീഴ്ച | 1-12 |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നതില്‍ വീഴ്ച | 1-13 |
| 22 | സ്പില്‍ ഓവര്‍ പ്രൊജക്ടുകള്‍ നടപ്പിലാക്കുന്നതില്‍ വീഴ്ച | 1-14 |
| 23 | സ്വയം തൊഴില്‍ സംരംഭകര്‍ക്ക് ആവശ്യമായ പരിശീലനം നല്‍കാതെ സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി നല്‍കുന്നു | 1-15 |
| 24 | പഞ്ചായത്ത് തിരഞ്ഞെടുപ്പ് - സ്ഥാനാര്‍ത്ഥികളുടെ നിക്ഷേപം മുതല്‍കൂട്ടിയില്ല | 1-16 |
| 25 | ആശുപത്രി മാനേജ് മെന്റ് കമ്മിറ്റി കണക്കുകള്‍ ഓഡിറ്റിന് സമര്‍പ്പിച്ചില്ല. | 1-17 |
| | ഭാഗം **2** | |
| | --- No Records Found --- | |

## ഭാഗം **3**

--- No Records Found ---

## ഭാഗം **4**


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 29.05.2023ലെ 4/1 തീരുമാന പ്രകാരം തയ്യാറാക്കി 08.06.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിനൊപ്പം എല്ലാ പത്രികകളും ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

ആസ്തികൾക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

1-1-3 ഡെപ്പോസിറ്റ്/അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയില്ല

വാർഷിക കണക്ക് പ്രകാരമുള്ള മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ്, അഡ്വാൻസ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

1-1-4 ഇ-ടെണ്ടർ ഫീ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്കായി നടത്തിയ ടെണ്ടറുകളിലെ ടെണ്ടർ ഫോറം വില (ഇ ടെണ്ടർ ഫീ) വീണ്ടും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 നീക്കിയിരിപ്പിന്റെ വിശദവിവരം ലഭ്യമല്ല

ബാലൻസ് ഷീറ്റ് ബി-9 പ്രകാരം Other Liabilities (ഹെഡ് കോഡ്-350800299) ഇനത്തിൽ 1,25,311/- നീക്കിയിരിപ്പുണ്ട്. മേൽ തുകയിലുൾപ്പെടുന്ന 23,700/-രൂപ ഇലക്ട്രോണിക് പേയ്മെന്റ് ആയി വിവിധ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ ട്രഷറിയിൽ നിന്നും തിരികെ വന്ന തുകയാണ്. മേൽ തുകകൾ സംബന്ധിച്ച വിവരം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

1-1-6 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുക പൊരുത്തപ്പെടാത്തത് സംബന്ധിച്ച്

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ B-3 എന്നത് ഫിക്സഡ് അസറ്റിന്റെയും (B-11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെയും (B-11a) ആകെ തുകയാണ്. എന്നാൽ ഇവ തമ്മിൽ 7,30,82,399/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

1-1-7 സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 ചെലവ് തുകൾ പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങളിലുള്ള ചെലവ് തുകകൾ വാർഷിക കണക്ക് ആർ.പി- 7 പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് | ആർ.പി- 7 പ്രകാരമുള്ള | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 28247261 | 28109192 | 138069 |
| എസ്.സി.പി | 11973345 | 11407740 | 565605 |
| ടി.എസ്.പി | 414000 | 356000 | 58000 |

1-2 ബജറ്റ്

ഭരണസമിതിയുടെ 25/03/2022 ലെ 2/102/2021-22 നമ്പർ തീരുമാന പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.03.2023 തിയ്യതിയിലെ 108/22-23 തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11362381 |
| വരവ് | 84001871 |
| ആകെ | 95364252 |
| ചെലവ് | 86145901 |
| നീക്കിയിരിപ്പ് | 9218351 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 28713000 | 28713000 | 28247261 | 465739 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 16371000 | 16371000 | 11973345 | 4397655 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 414000 | 414000 | 414000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 8288000 | 8288000 | 7401207 | 886793 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | പി.എഫ്.എം.എസ് | 3862756 | 6944000 | 10806756 | 5384436 | 5422320 |
| | ട്രഷറി | 0 | 928386 | 928386 | 561298 | 367088 |

| | | | | | | |
|---|---|---|---|---|---|---|
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് | പി.എഫ്. എം.എസ് | 424615 | 4961682 | 5386297 | 4371292 | 1015005 |
| | ട്രഷറി | 0 | 254940 | 254940 | 228270 | 26670 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 109 | 182671831 | 71 | 75951283 | 16 | 22 | 65 |

## 1-6 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ മുൻവർഷത്തെക്കാൾ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെട്ടതായി കാണുന്നു.

സ്ഥാപനത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച നൽകുകയും പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സാമ്പത്തിക വർഷം ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലോക്ക്പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററും ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.07.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 കൃഷി അസിസ്റ്റന്റ് ഡയറക്ടർ - ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിൽ അപാകത

2022-23 വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ "കൂമ്പുചീഞ്ഞ തെങ്ങുകൾ വെട്ടിമാറ്റൽ (പ്രോജക്ട് നം. – 36/22-23) " എന്ന പദ്ധതിയിൽ 39,795 രൂപ തെങ്ങൊന്നിന് 25/- രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയിട്ടുണ്ട്. ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള 570 ഗുണഭോക്താക്കളിൽ നിന്നും ആളൊന്നിന് പരമാവധി 250/- രൂപ നിരക്കിൽ (പരമാവധി 10 തെങ്ങിൻ തൈകൾക്ക്) തുക ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ടിൽ (അക്കൗണ്ട് നം. – 79901300000073) അടവാക്കുകയാണ് ചെയ്തിരിക്കുന്നത്. ഓരോ ഗുണഭോക്താക്കൾക്കും വെവ്വേറെ റസീറ്റുകൾ നൽകുന്നതിന് പകരം മേൽ പദ്ധതിയിലേക്ക് ഗുണഭോക്തൃവിഹിതം ഇനത്തിൽ 30 വരെ ഗുണഭോക്താക്കളുടെ വിവരം ലിസ്റ്റ് ചെയ്ത് ഒറ്റ റസീറ്റ് നൽകുകയാണ് ചെയ്യുന്നത്. 570 ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയിരിക്കുന്നത് 27 റസീറ്റുകൾ ഉപയോഗിച്ചാണ് (ബുക്ക് നം.–272/1-27). അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9 ഷീ പാഡ് - പാഡുകളും അലമാരകളും ലഭ്യമായില്ല.

പ്രോജക്ട് നം. - 132/23

പ്രോജക്ട് - ഷീ പാഡ് - പാഡുകളും അലമാരകളും ലഭ്യമാക്കൽ

നിർവ്വഹണം - ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ

അടങ്കൽ - 1,44,290/- രൂപ ( വികസന ഫണ്ട് - പൊതു വിഭാഗം )

ചെലവ് തുക - 1,44,290/- രൂപ ( ബിൽ നമ്പർ 14/22-23 തീയതി 31.3.2023 )

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഷീ പാഡ്, പാഡ് സൂക്ഷിക്കാൻ അലമാര എന്നിവ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയതാണ് ഈ പ്രോജക്ട്. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ - ആവള, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ - കായണ്ണ എന്നിവിടങ്ങളിലേക്ക് ഷീ പാഡ്, ഗവൺമെന്റ് ഹൈസ്കൂൾ - വെങ്ങപ്പറ്റ, ഗവൺമെന്റ് ഹൈസ്കൂൾ - ചെറുവണ്ണൂർ, ഗവൺമെന്റ് ഹൈസ്കൂൾ - മുതുകാട് പ്ലാന്റേഷൻ എന്നിവിടങ്ങളിലേക്ക് ഷീ പാഡ്, പാഡ് സൂക്ഷിക്കാൻ അലമാര എന്നിവ കേരള വനിതാ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിനാണ് പ്രോജക്ട്. ഈ പ്രോജക്ട് പ്രകാരമുള്ള ഷീ പാഡ്, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ - കായണ്ണ ഒഴികെയുള്ള സ്കൂളുകളിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പാഡ് സൂക്ഷിക്കാനുള്ള അലമാര – 3 എണ്ണം നാളിതു വരെ ലഭ്യമായിട്ടില്ല.

ഈ പ്രോജക്ട് പ്രകാരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ - കായണ്ണയിലേക്ക് ഷീ പാഡ്, ഗവൺമെന്റ് ഹൈസ്കൂൾ - വെങ്ങപ്പറ്റ, ഗവൺമെന്റ് ഹൈസ്കൂൾ - ചെറുവണ്ണൂർ, ഗവൺമെന്റ് ഹൈസ്കൂൾ - മുതുകാട് പ്ലാന്റേഷൻ എന്നിവിടങ്ങളിലേക്ക് പാഡ് സൂക്ഷിക്കാൻ അലമാര എന്നിവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/2022-23 തീയതി 6.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. തുക കൈപ്പറ്റിയ സ്ഥാപനം നാളിതുവരെ മുഴുവൻ ഇനങ്ങളും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈയിനത്തിലുള്ള 1,44,290/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-10 പൊതുമരാമത്ത് മേഖലയിൽ ഒരു പ്രവർത്തിക്ക് ഒന്നിലധികം പ്രൊജക്ടുകൾ

2022-23 വർഷത്തെ പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഒരേ പ്രവൃത്തിക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഇല്ലിക്കൽ കോളനി കുടിവെള്ള പദ്ധതി | 29 | 2652200 | 2065381 |
| 2 | - ടി - | 7 | 971900 | 595273 |

ഒരേ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായാണ് മേൽ രണ്ട് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത് കൃത്യമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലല്ല പ്രവൃത്തികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നത് എന്ന് ഇത് വ്യക്തമാക്കുന്നു. പദ്ധതിയിലെ മുഴുവൻ പ്രവൃത്തികളും മുൻകൂട്ടി കണ്ട് പ്രവൃത്തികൾക്കാവശ്യമായ തുക വകയിരുത്തുന്നതിനു പകരം ലഭ്യമായ തുകയ്ക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കപ്പെടുന്നതാണ് പദ്ധതി പൂർത്തീകരണത്തിനായി വീണ്ടും പദ്ധതി രൂപീകരണം നടത്തേണ്ടി വരുന്നതിനിടയാക്കിയത്. ഇത് കാരണം കരാറുകാരനെ കണ്ടെത്തുന്നതടക്കമുള്ള നടപടികൾ വീണ്ടും ചെയ്യേണ്ടിവരികയും പദ്ധതി പൂർത്തീകരണത്തിലും ഗുണഫലം ലഭിക്കുന്നതിലും കാലതാമസം ഉണ്ടാക്കുകയും ചെയ്യുന്നു. കൂടാതെ ഉയർന്ന അടങ്കലിലുള്ള പ്രവൃത്തികളിലൂടെ ഉണ്ടാവുമായിരുന്ന ടെണ്ടറുകളിലെ മത്സരക്ഷമതയും ക്ഷമതയുള്ള കരാറുകാരുടെ സാന്നിധ്യവും ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം പ്രവൃത്തികൾ കൃത്യമായും ഗുണമേന്മയോടെയും നിർവ്വഹണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. ഈ പദ്ധതിയിൽ കിണർ, ടാങ്ക്, ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കൽ എന്നിവ പൂർത്തിയായെങ്കിലും മോട്ടോർ സ്ഥാപിച്ച് കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/22-23/6.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 48/23 | സ്നേഹസ്പർശം - വിഹിതം നൽകൽ | 7,00,000 -വികസന ഫണ്ട് - 4,29,533 തനത് ഫണ്ട് - 2,70,467 | ജില്ലാ പഞ്ചായത്ത്, കോഴിക്കോട് 4,29,533 ബിൽ നമ്പർ - 87/16.11.2022 2,70,467 |

| | | | | |
|---|---|---|---|---|
| | | | | ബിൽ നമ്പർ 107/13.12.2022 |
| 2 | 128/23 | നൊച്ചാട് ഗ്രാമ പഞ്ചായത്തിലെ മമ്മിളികുളം അങ്കണവാടി നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം കൈമാറൽ | 5,00,000 – വികസന ഫണ്ട് | നൊച്ചാട് ഗ്രാമ പഞ്ചായത്ത് 5,00,000 ബിൽ നമ്പർ – 285/9.3.2023 |
| 3 | 62/23 | ഡി. പി. സി സെക്രട്ടേറിയറ്റിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് വിഹിതം കൈമാറൽ | 2,00,000 – തനത് ഫണ്ട് | ജില്ലാ കളക്ടർ, കോഴിക്കോട് 2,00,000 ബിൽ നമ്പർ – 528/24.9.2022 |
| 4 | 45/23 | ഐ. കെ. എം ന് വിഹിതം അടക്കൽ | 57,220 – തനത് ഫണ്ട് | ഐ. കെ. എം, തിരുവനന്തപുരം 57,220 ബിൽ നമ്പർ – 45/8.12.2022 |
| | | ആകെ | 14,57,220 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 6.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 14,57,220/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-12 പൊതുമരാമത്ത് പ്രവർത്തികളുടെ ഇ ടെണ്ടർ ഫീസ് അടവാക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ

നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാതെ നിലവിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പേരാമ്പ്ര സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ (നം. 67211664658) 31.1.2023 ൽ 4,75,224 രൂപ നീക്കിയിരിപ്പുണ്ട്. ബാങ്ക് പാസ്സ് ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത്ഫണ്ടിൽ ഉൾപ്പെടേണ്ട തുകയാണ്. ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ നാളിതുവരെ ഈയിനത്തിലുള്ള തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/23/6.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് 2022-23 ലെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 16-05-2022, 08-06-2022, 04-01-2023 എന്നീ തിയ്യതികളിൽ യോഗം ചേരുകയുണ്ടായി. ആ മീറ്റിംഗിലൊന്നും തന്നെ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ തി. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖ. 14 (1 മുതൽ 8 വരെ) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ബ്ലോക്ക്പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/23/6.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ച പ്രകാരം പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച

സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ. (കൈ)84/2022/ത.സ്വ.ഭ.വ തി. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട്

നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | വകയിരുത്തിയ തുക | വകയിരുത്തിയ ഫണ്ട് |
|---|---|---|---|---|
| 1 | 24/23 | പൂളക്കൽ കോളനി കുടിവെള്ള പദ്ധതി നവീകരണം | 500000/- | ധനകാര്യകമ്മീഷൻ അവാർഡ് |
| 2 | 82/22 | നടുപ്പറമ്പിൽ കുടിവെള്ള പദ്ധതി | 220000/- | തനത് |

മേൽ പറഞ്ഞ നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കേണ്ട പ്രോജക്ടുകൾ മാത്രം സ്പിൽ ഓവറായി ഉൾപ്പെടുത്തിയതിൽ 2 പൊതുമരാമത്ത് പ്രവൃത്തികളിലും തൻവർഷം യാതൊരു ചെലവും ഇല്ലാതിരുന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/23/6.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകാതെ സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി നൽകുന്നു

പദ്ധതി വർഷം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 32/23 |
| അടങ്കൽ | 1990250/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 1571250/- |
| ബിൽ നം. തി. | 1/23/27.3.23 |

ആറ് ഗ്രൂപ്പുകൾക്കാണ് ഈ പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം നൽകിയിരിക്കുന്നത്. ബാങ്ക് ലോൺ,

സബ്സിഡി എന്നിവ ഉൾപ്പെടെയാണ് എല്ലാ ഗ്രൂപ്പുകൾക്കും ധനസഹായം നൽകിയിരിക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി ഗ്രൂപ്പുകളുടെ പ്രവർത്തനം പരിശോധിക്കുകയുണ്ടായി. ഗ്രൂപ്പുകൾക്ക് അവരുടെ സംരംഭവുമായി ബന്ധപ്പെട്ടോ, സംരംഭവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനോ ആവശ്യമായ പരിശീലനം നൽകിയിട്ടില്ല. സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ/19.04.2022 പ്രകാരമുള്ള പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ. 8.4.3 ൽ തൊഴിൽ സംരംഭക ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് അവരുടെ തൊഴിൽ മേഖലയിൽ പരിശീലനം നൽകുന്നതിനാവശ്യമായ പ്രൊജക്ടുകൾ നടപ്പാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശീലനങ്ങൾ നൽകാതെയാണ് സംരംഭങ്ങൾ മുഴുവൻ ആരംഭിച്ചിരിക്കുന്നത്. സംരംഭവുമായി ബന്ധപ്പെട്ട ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ എഴുതാനറിയാത്തതിനാൽ പ്രയാസമനുഭവിക്കുന്നതായി സംഘം ഭാരവാഹികൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ബാങ്ക് ലോണിന്റെ തിരിച്ചടവുമായി ബന്ധപ്പെട്ട് മിക്ക സംഘങ്ങൾക്കും കൃത്യമായ ധാരണയില്ല. കൂത്താളി പഞ്ചായത്തിലെ ഒരു ഗ്രൂപ്പ് ധനസഹായം ലഭിച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും ഇതുവരെ സംരഭം ആരംഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/23/6.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതും തുടർ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-16 പഞ്ചായത്ത് തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 47,000/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 ലെ തദ്ദേശ ഭരണ സ്ഥാപന തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്നപക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്തപക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-17 ആശുപത്രി മാനേജ് മെന്റ് കമ്മിറ്റി കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചില്ല.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ, ചട്ടം 9 പ്രകാരം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ കണക്കുകൾ എല്ലാ വർഷവും ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ പേരാമ്പ്ര താലൂക്ക് ഹോസ്പിറ്റലിന്റെ 2006-07 വരെയുള്ള വാർഷിക കണക്കുകൾ മാത്രമെ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളൂ. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള പേരാമ്പ്ര താലൂക്ക് ഹോസ്പിറ്റലിന്റെ 2007-08 മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ അവശേഷിക്കുന്നുണ്ട്. വാർഷിക കണക്കുകൾ അടിയന്തിരമായി ഓഡിറ്റിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 05.07.2023 | ഈ റിപ്പോർട്ടിന്റെ അതേ നമ്പറും തീയതിയും |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 4458000 | പ്രോജക്റ്റ് നം. - 32/22-23. പി.എം.എ.വൈ-ലൈഫ്ഭവന നിർമ്മാണം (ജനറൽ) | 4458000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 2022-23 | 133000 | പ്രോജക്റ്റ് നം. – 49/22-23. പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (പട്ടികവർഗ്ഗം) | 133000 | 0 |
| | 2022-23 | 2946000 | പ്രോജക്റ്റ് നം. – 33/22-23. പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി) | 2946000 | |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 2680000 | പ്രോജക്റ്റ് നം. – 32/22-23. പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 2680000 | 0 |
| | 2022-23 | 1400000 | പ്രോജക്റ്റ് നം. – 18/22-23(S.O) പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 1400000 | |
| | 2022-23 | 188000 | പ്രോജക്റ്റ് നം. – 49/22-23. പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (പട്ടികവർഗ്ഗം) | 188000 | |
| | 2022-23 | 2059180 | പ്രോജക്റ്റ് നം. – 33/22-23. പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി) | 2059180 | |
| | 2022-23 | 630000 | പ്രോജക്റ്റ് നം. – 19/22-23.(SO) | 630000 | |

| | | | | | |
|---|---|---|---|---|---|
| | | | പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി) | | |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല -

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന നിർമ്മാണം അധിക വിഹിതം നൽകൽ | സ.ഉ.എം.എസ് നം. – 90/13 തി. 14.03.2013 സർക്കുലർ നം. – 17774/DD/2013 തി.20.03.2013 | - | 2773830 | - | 166002 (.75 ശതമാനം നിരക്കിൽ) 12.06.2013 മുതൽ 31.01.22 വരെയുള്ളത് | 5751555 |

2021-22 വാർഷിക കണക്ക് പ്രകാരം തിരിച്ചടക്കാനുണ്ടായിരുന്ന വായ്പ തുക 27,73,830/- രൂപയാണ്. മേൽ തുകയിൽ പലിശ ഉൾപ്പെടെ നിലവിൽ അടവാക്കാനുള്ള തുക 57,51,555/- രൂപയാണ്.

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-3,3-5,3-6 | 2016-17 | 4.8.1 | ചുമതലാ ലംഘനം | പരാമർശം നില നിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2013-14, 2014-15 | 3-3 | 2016-17 | 7(ബി) | സമഗ്ര കോളനി വികസനത്തിനുള്ള ഫണ്ട് വക മാറ്റി | പരാമർശം നില നിൽക്കുന്നു. |
| 2016-17 | 3-12 | 2017-18 | 1.11.4 | സർക്കാർ അനുമതി യില്ലാതെ ഉയർന്ന പലിശ നിരക്കിൽ വായ്പയെടുത്തു | പരാമർശം നില നിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2000-01 | 27, 29 | ശ്രീ. കെ. പി പര്യായിക്കുട്ടി | LF.9969 /Spl. Cellsc 5/03 Dt. 12.04.04 | 2,851 | 11421 തീ- 12.06.18 | | | | | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,40,01,871 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,61,45,901 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,01,510 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 1,44,290/- | ശ്രീമതി. ദീപ കെ, സി. ഡി. പി. ഒ |
| 1-11 | 14,57,220/- | ശ്രീ. കാദർ പി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി. ദീപ കെ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | കേളോത്ത് ഹൗസ്, പനങ്ങാട് പി. ഒ, ബാലുശ്ശേരി, കോഴിക്കോട് - 673612 |
| ശ്രീ. കാദർ പി, സെക്രട്ടറി | സെക്രട്ടറി, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | പൂക്കാട്ടിൽ ഹൗസ്, ചേമഞ്ചേരി പി. ഒ, കോഴിക്കോട് – 673304 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/ 2022 തീ.20.07.2022 | 2 | 34,36 |
| 2000-01 | കെ.എസ്.എ. കെ.കെ.ഡി.പി8/ 1294/2021 തീ.08.02.2022 | 6 | 25, 33, 34, 38(B), 39, 40 |

| | | | |
|---|---|---|---|
| 2002-03 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(6) തീ.05/04/2017 | 4 | 8, 9, 13, 16 |
| 2005-06 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(2)തീ.20.07.2022 | 10 | 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14 |
| 2006-07 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(3)തീ.20.07.2022 | 6 | 3-4,3-7, 3-8, 3-11, 3-12, 3-13 |
| 2007-08 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(4)തീ.04.08.2022 | 11 | 3-3, 3-6, 3-7(2), 3-8(3), 3-10, 3-12, 3-13, 3-14,3-16, 3-17, 3-18 |
| 2008-09 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(5)തീ.04.08.2022 | 3 | 2-2, 3-1, 3-5 |
| 2009-10, 2010-11 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(6)തീ.04.08.2022 | 2 | 3-4, 3-13 |
| 2011-12, 2012-13 | കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022 തീ.04.08.2022 | 5 | 2-1, 3-3(1), 3-5, 3-7,3-9 |
| 2013-14, 2014-15 | കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022 (1)തീ.04.08.2022 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(7) തീ.05.08.2022 | 8 | 3-1, 3-2, 3-3, 3-5, 3-6, 3-12, 3-13, 3-15 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(8) തീ.05.08.2022 | 6 | 3-2, 3-3,3-8, 3-10, 3-12, 3-13 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(9) തീ.06.08.2022 | 5 | 1-10, 3-2, 3-4, 3-9, 3-13(3) |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി.പി8/1296 /2021/തി.05.02.2022 | 5 | 1-15, 1-21, 1-23, 1-26, 1-27 |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി./പി 8/205/2023തി.12.04.2023 | 3 | 1-8,1-10,1-12 |
| 2020-21 | കെ.എസ്.എ. കെ.കെ.ഡി./പി 8/2050/2022 തി.14.12.2022 | 7 | 1-10,1-12,1-16,1-18, 1-20,1-22,1-23 |
| 2021-22 | കെ.എസ്.എ. കെ.കെ.ഡി./പി 8/1939/2022 തി.25.11.2022(ഓഡിറ്റ് റിപ്പോർട്ട്) | 19 | 1-1 മുതൽ 1-19 വരെ |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 30/2023-24 dated 20-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Perambra Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perambra Block Panchayat for the year 2022-2023

Date: 06/10/2023

Joint Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Perambra Block Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit. Eg. Ratios, Notes to accounts.

2. The following registers are not maintained /does not match with AFS.
Eg-Advance Register,Deposit Register

3.Non-dosclosure of reciepts
Eg-E-tender fee

4.The value of stock not included in AFS

5. No authenticated worksheet available for the calculation of

Depreciation provided for assets

6.The following Expenditure in ACR not matching with AFS

Development fund -General, S.C.P, T.S.P
7. Comment relating to Beneficiary contribution
8.Capital contribution B-3 is the sum of fixed assets (B-11) and capital work in progress (B-11a). But there exists a difference of Rs.73082399/- between them.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്